## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1179 20.03.2012 - ൽ മറുപടിക്ക്**

## കരാറുകാർ മുഖേന നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും റോഡുകളുടെയും ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി . സി. ജോർജ് :<br>ഡോ. എൻ. ജയരാജ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കരാറുകാർ മുഖേന നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും റോഡുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) മേജർ പണികൾക്ക് പണിസ്ഥലങ്ങളിൽ തന്നെ ഗുണനിലവാര പരിശോധനശാല സ്ഥാപിക്കണമെന്ന വ്യവസ്ഥയുണ്ട്. ഇത് കൂടാതെ 5 കോടി രൂപയിൽ കൂടുതലുള്ള പണി കൾക്ക് പണി തീരുന്ന മുറയ്ക്ക് ഒരു വിദഗ്ദ കൺസൾട്ടന്റിനെ കൊണ്ട് പരിശോധിപ്പിക്കും എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ അവലോകനത്തിനായി എം. എൽ. എ. മാരേയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ജില്ലാതല യോഗങ്ങളും സംസ്ഥാന തല യോഗങ്ങളും നടത്തുകയും പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ കാൾ സെന്റർ വഴി സ്വീകരിക്കുകയും അതനു സരിച്ച് 48 മണിക്കൂറിനകം |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. ടെണ്ടറിന്റെ സുതാര്യത ഉറപ്പു വരുത്തുന്നതിനായി ഇ - ടെണ്ടറിംഗും, കരാറുകാർക്ക് പണം നൽകുന്നതിനായി ഇ - പേയ്മെന്റ് സിസ്റ്റവും നടപ്പിൽ വരുത്തിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ 2 ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ നിലവിലുള്ളതും കാലാകാലങ്ങളിൽ നടക്കുന്ന പണികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുകയും ചെയ്യുന്നു. |
| (ബി) | കരാറുകാർ ക്വാളിറ്റി ടെസ്റ്റിന് അയയ്ക്കുന്ന സാമ്പിളുകൾ നിർമ്മാണത്തിന് ഉപയോഗിച്ചവതന്നെയാണെന്ന് ഉറപ്പു വരുത്തുന്നതിന് നിലവിൽ എന്തു സംവിധാനമാണുള്ളത് ; | (ബി) | പണി സ്ഥലത്തിന്റെ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന സാമ്പിളുകളാണ് ടെസ്റ്റ് ചെയ്തുവരുന്നത്. |
| (സി) | നിർമ്മാണ പ്രവർത്തനത്തിന്റെ അപാകതമൂലം നിശ്ചിത കാലയളവിനുള്ളിൽ ഉണ്ടാകുന്ന കേടുപാടുകൾക്കും നാശനഷ്ടങ്ങൾക്കും ഇടപാടുകാരിൽ നിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത് ; | (സി) | ഓരോ പ്രവൃത്തിയ്ക്കും നിശ്ചയിച്ചിട്ടുള്ള ഗ്യാരന്റി പിരിയഡിനുള്ളിൽ സംഭവിക്കുന്ന കേടുപാടുകൾ ആ പ്രവൃത്തിയുടെ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ തീർത്തു തരുന്നതിനാവശ്യമായ നിബന്ധനകൾ കരാർ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിരിക്കും. കരാറുകാരൻ വീഴ്ച വരുത്തിയാൽ നഷ്ടം ഈടാക്കുന്നതിനുള്ള വ്യവസ്ഥകളും കരാർ ഉടമ്പടികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാന ഖജനാവിൽ നിന്നും പണം വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ ക്വാളിറ്റിയും സുതാര്യതയും ഈടുനില്പും | (ഡി) | ഇത് ഉറപ്പു വരുത്തുന്നതിനുവേണ്ടി ദ്വിതല ഗുണപരിശോധന സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 5 കോടിയിൽ കൂടുത- |

ഉറപ്പു വരുത്തുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ലുള്ള പണികൾ തീരുന്നതനുസരിച്ച് പ്രത്യേക ഏജൻസിയെ കൊണ്ട് ടെക്നിക്കൽ ആഡിറ്റും ചെയ്യാൻ പുതിയ വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.